84-5465
17/7/2014

ബഹുമാനപ്പെട്ട പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമക്ഷം പള്ളിക്കൽ പഞ്ചായത്തിൽ തോട്ടുവാ വാർഡിൽ ശ്രുതി വീട്ടിൽ രാജുകുമാർ 2005 വിവരാവകാശ നിയമപ്രകാരം ബോധിപ്പിക്കുന്ന അപേക്ഷ

സർ,

പള്ളിക്കൽ പഞ്ചായത്തിൽ, പള്ളിക്കൽ വാർഡിൽ ദേവികയിൽ വീട്ടിലും പള്ളിക്കൽ പഞ്ചായത്തിൽ തോട്ടുവാ വാർഡിൽ കണ്ണച്ചിനേത്ത് വീട് എന്നും മേൽവിലാസം ഉപയോഗിക്കുന്ന ശ്രീമതി പുഷ്പകുമാരി അങ്ങയുടെ ഓഫീസിൽ വിധവാപെൻഷന് അപേക്ഷ നല്കി വിധവാപെൻഷൻ അനുവദിച്ചിട്ടുള്ളതായിട്ടും അറിയുവാൻ കഴിഞ്ഞിട്ടുള്ളതാണ്. ശ്രീമതി പുഷ്പകുമാരിയുടെ ഭർത്താവ് ആത്മഹത്യ ചെയ്യുന്നതിന് മുമ്പ് നിയമാനുസരണം വിവാഹമോചനം നേടിയിട്ടുള്ളതാണ്.

അപേക്ഷയിൽ പറഞ്ഞിട്ടുള്ള ശ്രീമതി പുഷ്പകുമാരി വക്കീൽ മുഖേന ബഹുമാനപ്പെട്ട അടൂർ മുൻസിപ്പൽ കോടതിയിൽ ഹാജരാക്കിയിട്ടുള്ള സത്യവാങ്മൂലം വിവാഹമോചനം നേടിയിട്ടുള്ളതിന് തെളിവായി ഇതിനോടൊപ്പം ഹാജരാക്കുന്നു.

സമക്ഷത്തുനിന്ന് ദയവുണ്ടായി താഴെ പറയുന്ന അറിവുകൾ നല്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

1. നിയമാനുസൃതം ഭാര്യ വിവാഹമോചനം നേടിയ ഭർത്താവ് മരണപ്പെടുകയാണെങ്കിൽ ഭാര്യ വിധവയാണോ?
2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള മേൽവിലാസങ്ങളിൽപ്പെട്ട ശ്രീമതി പുഷ്പകുമാരി വിധവാപെൻഷന് അങ്ങയുടെ ഓഫീസിൽ അപേക്ഷ നല്കിയിട്ടുണ്ടോ?
3. ശ്രീമതി പുഷ്പകുമാരിയുടെ അപേക്ഷയിന്മേൽ വിധവാപെൻഷൻ അനുവദിച്ചിട്ടുണ്ടോ?

എന്ന്

താഴ്മയോടെ

രാജുകുമാർ